**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പരവൂർ നഗരസഭാ ബസ് സ്റ്റാന്റ് വികസനത്തിനായി ഭൂമി ഏറ്റെടുത്ത വകയിൽ LAR കേസുകളിൽ കൊടുക്കുവാനുള്ള തുക തനതുഫണ്ട് ഇല്ലെങ്കിൽ പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തി പ്ലാൻ ഫണ്ടിൽ വകയിരുത്താൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.228/17/ത.സ്വ.ഭ.വ                    തിരുവനന്തപുരം, തീയതി, 27/01/2017

---

പരാമർശം - 1) പരവൂർ നഗരസഭാ ചെയർമാന്റെ 05/11/2016 ലെ തീരുമാനം

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2016 ന് കൂടിയ യോഗ തീരുമാനം

**ഉത്തരവ്**

പരവൂർ നഗരസഭയുടെ ബസ് സ്റ്റാന്റ് വികസനവുമായി ബന്ധപ്പെട്ട് LAR കേസുകളിൽ കൊടുക്കുവാനുള്ള വിധിക്കടത്തുകയായ 49,95,500/- രൂപ 2016-17 വാർഷിക പദ്ധതിയിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തുന്നതിന് അനുമതിയ്ക്കായി പരവൂർ നഗരസഭാ ചെയർമാൻ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

പരവൂർ നഗരസഭാ ബസ് സ്റ്റാന്റ് വികസനത്തിനായി മുമ്പ് രണ്ടു ഘട്ടങ്ങളിലായി അക്വയർ ചെയ്ത സ്ഥലത്തിന്റെ വില കുറവായതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർദ്ധിച്ച തുക നൽകാൻ തനതുഫണ്ട് ഇല്ലെങ്കിൽ പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തി പ്ലാൻ ഫണ്ട് വകയിരുത്താൻ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചു.

അതിന്റെ അടിസ്ഥാനത്തിൽ, പരവൂർ നഗരസഭയുടെ ബസ് സ്റ്റാന്റ് വികസനവുമായി ബന്ധപ്പെട്ട് LAR കേസുകളിൽ കൊടുക്കുവാനുള്ള വിധിക്കടത്തുകയായ 49,95,500/- രൂപ (നാല്പത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) തനതുഫണ്ടിൽ ഇല്ലെങ്കിൽ പ്ലാൻ ഫണ്ടിൽ നിന്നും പശ്ചാത്തലമേഖലയിൽ ഉൾപ്പെടുത്തി നൽകുന്നതിന് പരവൂർ നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ, പരവൂർ നഗരസഭ
ജില്ലാ കളക്ടർ, കൊല്ലം
സെക്രട്ടറി, പരവൂർ നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം, (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ